**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം.611**

**09/07/2014 ൽ**
**മറുപടിയ്ക്ക്**

## ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.സി.കൃഷ് ണൻ<br>ഡോ.കെ.ടി.ജലീൽ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി ) |
| (എ) പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ അഭിവൃദ്ധി പ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഖാദി മേഖലയിൽ പ്രഖ്യാപിച്ച നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) ഉണ്ട്. ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ നടപ്പാക്കുന്നതിനായി 2012-13 വർഷം 96 ലക്ഷം രൂപയും 2013-14 വർഷം പ്രത്യേകമായി 1209 ലക്ഷം രൂപയും 2013-14 വർഷത്തിലെ ഒറിജിനൽ ബഡ്ജറ്റിൽ നിന്ന് 216 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 1521 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക സംസ്ഥാനത്തെ എല്ലാ ഖാദി സ്ഥാപനങ്ങൾക്കും (ഖാദി ബോർഡ് ഉൾപ്പെടെ) താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്തു. |

| | |
|---|---|
| ചർക്കകൾവാങ്ങുന്നതിന് | 117 ലക്ഷം രൂപ |
| തറികൾ വാങ്ങുന്നതിന് | 260 " |
| പരിശീലനം | 78 " |

| | | |
|---|---|---|
| റെഡിമെയ്ഡ്പാവ് യൂണിറ്റ് | 160 | " |
| പുതിയ വർക്ക്ഷെഡ് നിർമ്മാണം | 225 | " |
| നിലവിലെ വർക്ക് ഷെഡ് റിപ്പയർ | 180 | " |
| പ്രവർത്തന മൂലധനം | 376 | " |
| 2 ഡൈ ഹൌസ് സ്ഥാപിക്കൽ | 50 | " |
| കോട്ടൺ ഗോഡൗൺ സ്ഥാപിക്കൽ | 50 | " |
| സിൽക്ക് യൂണിറ്റ് ആരംഭിക്കൽ | 25 | " |
| ആകെ | 1521 ലക്ഷം രൂപ | |

(സി) വ്യവസായ പ്രതിസന്ധി കാരണം ദുരിതമനുഭവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും താൽക്കാലിക ആശ്വാസം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) ഖാദി മേഖലയിൽ വ്യവസായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഖാദി തൊഴിലാളിക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മിനിമം പെൻഷൻ 300 രൂപയിൽ നിന്ന് 500 രൂപയാക്കി 2013 ജൂലൈ മാസം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 28/1/2014 ൽ മുഖ്യമന്ത്രി ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയിൽ ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉല്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളിക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുവാനും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഖാദി മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഡി) എറണാകുളം ജില്ലയിൽ മുളവുകാട് എന്ന സ്ഥലത്ത് വിദേശവിപണി കൂടി ലക്ഷ്യമിട്ടുകൊണ്ട് സ്ഥിരം എക്സിബിഷൻ കേന്ദ്രം തുടങ്ങുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല ഖാദി ഉല്പന്നങ്ങൾക്കായി ആധുനിക മാർക്കറ്റിംഗ് സമ്പ്രദായ പ്രകാരം വിപണി ലഭ്യമാക്കുന്നതിന് ഓൺ ലൈൻ ട്രേഡിംഗ് പോർട്ടൽ നടപ്പാക്കാൻ തീരുമാനിച്ചിച്ചുണ്ട്.<br><br>കാലഘട്ടത്തിനനുസരിച്ച് വൈവിധ്യമാർന്ന ഖാദി ഫാഷൻ റെഡിമെയ്ഡ് ഉൽപന്നങ്ങൾ പരിചയപ്പെടുത്തുന്നതിനായി സ്പോൺസർമാരുടെ സഹകരണത്തോടെ ഫാഷൻ ഷോ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Gnadn

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരളത്തിലെ പരമ്പരാഗത ഖാദി ഗ്രാമവ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന സർക്കാരിന് പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ഖാദിതൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം ഇനത്തിൽ അനുവദിക്കുന്ന തുക വിനി യോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്. അങ്ങനെ തൊഴി ലാളികളെ ഈ മേഖലയിൽ നിലനിർത്തി ഖാദി തുണിയുടെ ലഭ്യത വർദ്ധിപ്പിച്ചു. ഇൻകം സപ്പോർട്ട് സ്കീം പ്രകാരം2011-12, വർഷം 14.68 കോടി രൂപയും,2012-13 വർഷം 20 കോടി രൂപയും, 2013-14 വർഷം 18 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

ഖാദി നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന ഇൻസെന്റീവ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. ഖാദി കമ്മിഷന്റെ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങളും (ഇൻഷ്വറൻസ് ഉൾപ്പെടെ )നൽകി വരുന്നുണ്ട്. കൂടാതെ ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഖാദി തൊഴിലാളികൾക്ക് നൽകുന്നുണ്ട്.ഏറ്റുകുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. മുടക്കം കൂടാതെയും സാമ്പത്തികമായി ലാഭകരമായും തൊഴിലാളികൾക്ക് സ്ലൈവർ ലഭ്യമാക്കുന്നതിനു വേണ്ടി ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി വിളവെടുപ്പുസമയത്ത് തന്നെ മൊത്തമായി ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഖാദി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന്റെ ഭാഗമായി തറികളുടേയും ചർക്കകളുടേയും ആധുനിക വൽക്കരണത്തിനും ഖാദിമേഖലയുടെ നവീകരണത്തിനും ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനായും കേരള സർക്കാർ നിയോഗിച്ച ശ്രീ. പി.ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷത്തേക്ക് വേണ്ടി 120 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിയ്ക്കുകയും ടി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 2012-13 വർഷം 96 ലക്ഷം രൂപയും 2013-14 വർഷം പ്രത്യേകമായി 1209 ലക്ഷം രൂപയും 2013-14 വർഷത്തിലെ ബഡ്ജറ്റിൽ നിന്ന് 216 ലക്ഷം രൂപയും ചേർത്ത് ആകെ 1521 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഖാദി സ്ഥാപന ങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ഖാദി സഹകരണ സംഘ ങ്ങൾക്ക്പുനരുദ്ധാരണത്തിന് ഗ്രാന്റായി 2010-11 വർഷം 25 ലക്ഷം രൂപയും 2011-12 വർഷം 25 ലക്ഷം രൂപയും 2012-13 വർഷം 6 ലക്ഷം രൂപയും 2013-14 വർഷം 16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ മേഖലയിലെ മറ്റു സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 2010-11 വർഷം 25 ലക്ഷം രൂപയും 2011-12 വർഷം 25 ലക്ഷം രൂപയും 2012-13 വർഷം 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മറ്റു ഖാദി സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് വേണ്ടി 2014-15 വർഷം ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. മാത്രമല്ല ഉത്സവകാലങ്ങളിൽ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് കൂടി സർക്കാർ അനുവദിച്ചു. ഇതിന് പുറമേ 10% മാർക്കറ്റ് ഡവലപ്പമെന്റ് അസിസ്റ്റൻസ് കൂടി നൽകി. 2010-11 വർഷം 1075 ലക്ഷം രൂപയും 2011-12 വർഷം

867.06 ലക്ഷം രൂപയും 2012-13 വർഷം 1150 ലക്ഷം രൂപയും 2013-14 വർഷം 1500 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി അനുവദിച്ചു. 2014-15 വർഷം ഒറിജിനൽ ബഡ്ജറ്റിൽ ഈയിനത്തിൽ 660 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി വില്പന കേന്ദ്രങ്ങളും ഗോഡൌണുകളും കമ്പ്യൂട്ടർവത്ക്കരിക്കുകയും പ്രധാന വിൽപ്പന കേന്ദ്രങ്ങൾ എയർ കണ്ടീഷൻ ചെയ്യുകയും അതുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഖാദിമേഖലയുടെ വൈവിദ്ധ്യ വൽക്കരണ ത്തിനായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷക മാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനീക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളികൾക്ക് ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം നൽകി ആകർഷകമായ ബെഡ് ഷീറ്റുകൾ തുണിത്തരങ്ങൾ എന്നിവ നിർമ്മിക്കത്തക്ക വിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ട്.ഖാദി മേഖലയിൽ നെയ്ത്ത് മേഖല ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് "നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings / sliver വിതരണം ചെയ്യുന്നുണ്ട്.

പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉൽപ്പാദനപരവും മൽസരാധിഷ്ഠിതവു മാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി 2012-13 ൽ ഒരു ഖാദി ക്ലസ്റ്ററും 2013-14 വർഷത്തേക്ക് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകൾക്കായി ഒരു ഖാദി ക്ലസ്റ്ററും സ്ഥാപിച്ചിട്ടുണ്ട്.

Gnadi
സെക്ഷൻ ഓഫീസർ